"ഭരണഭാഷ - മാതൃഭാഷ"

*എൻ2/13130/2020/ഡി.ജി.ഇ*

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി, 06/02/2021
ഫോൺ: 0471-2580583
***Email – dgescholarship@gmail.**com*

**<u>സർക്കുലർ</u>**

വിഷയം :- പൊതുവിദ്യാഭ്യാസം - സ്കോളർഷിപ്പുകൾ - കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പ് 2020-21- നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ - ഓൺലൈൻ അപേക്ഷകളുടെ സൂക്ഷ്മ പരിശോധന - തീയതി ദീർഘിപ്പിച്ചത് - സംബന്ധിച്ച്:-

സൂചന :- 1) ഈ ഓഫീസിലെ എൻ2/13130 /20/ഡി.ജി.ഇ നം. സർക്കുലർ തീയതി, 25/08/20
2) ഈ ഓഫീസിലെ എൻ2/13130 (1)/20/ഡി.ജി.ഇ നം. സർക്കുലർ തീയതി, 09/09/20
3) ഈ ഓഫീസിലെ എൻ2/7923/20/ഡി.ജി.ഇ നം. സർക്കുലർ തീയതി, 25/08/20
4) ഈ ഓഫീസിലെ എൻ2/13130/20/ഡി.ജി.ഇ നം. സർക്കുലർ തീയതി, 14/12/20
5) ഈ ഓഫീസിലെ എൻ2/13130/20/ഡി.ജി.ഇ നം. സർക്കുലർ തീയതി, 16/01/21
6) 05/02/2021 ലെ കേന്ദ്രന്യൂനപക്ഷകാര്യ മന്ത്രാലയത്തിന്റെ ഇ-മെയിൽ സന്ദേശം
7) നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖാന്തരമുള്ള നിർദ്ദേശം

*****

2020-21 വർഷത്തെ സൂചനകൾ പ്രകാരമുള്ള കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്കുള്ള ഓൺലൈൻ അപേക്ഷകളുടെ (ഫ്രഷ്/റിന്യൂവൽ) വെരിഫിക്കേഷൻ/റീ-വെരിഫിക്കേഷൻ സമയ പരിധി ചുവടെ ചേർക്കും പ്രകാരം ദീർഘിപ്പിച്ചിട്ടുള്ളതാണ്.

ആയതിൻ പ്രകാരം, ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ്, ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ്, നാഷണൽ മീൻസ് കം-മെറിറ്റ് സ്കോളർഷിപ്പ് (എൻ.എം.എം.എസ്) എന്നിവയ്ക്കായുള്ള ഫ്രഷ്/റിന്യൂവൽ അപേക്ഷകൾ സൂചനകൾ പ്രകാരം വെരിഫിക്കേഷൻ/റീ-വെരിഫിക്കേഷൻ നടപടികൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി **2021 ഫെബ്രുവരി 12 വരെ** നടത്താവുന്നതാണ്.

അതോടൊപ്പം ടി അപേക്ഷകളുടെ പരിശോധനയിൽ, ന്യൂനതകൾ കണ്ടെത്തുന്നതിനെ തുടർന്ന് അപേക്ഷകൾ ഡിഫക്റ്റ് ചെയ്യുന്ന സാഹചര്യത്തിൽ, ടി വിവരം ബന്ധപ്പെട്ട അപേക്ഷകനെ

അറിയിക്കുന്നതിനുള്ള തുടർ നടപടികൾ സ്കൂൾ അധികൃതർ സ്വീകരിക്കേണ്ടതാണ്. കൂടാതെ മേൽ സമയപരിധി ദീർഘിപ്പിക്കുന്നതിന് തുടർന്ന് സാഹചര്യം ഇല്ലാത്തതിനാൽ അവസാന തീയതിയ്ക്ക് മുൻപ് ടി നടപടികൾ പൂർത്തിയാക്കുന്നതിന് സ്കൂൾ അധികൃതർ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

ഓൺലൈനായി ലഭിച്ചിട്ടുള്ള സ്കോളർഷിപ്പ് അപേക്ഷകൾ പൂർണ്ണമായും പ്രഥമാധ്യാപകർ സൂഷ്മ പരിശോധന നടത്തി സമർപ്പിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഉറപ്പുവരുത്തേണ്ടതാണ്.

പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) &
നോഡൽ ഓഫീസർ (സ്കോളർഷിപ്പ്)
(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി)

***<u>പകർപ്പ് :-</u>***

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3) എല്ലാ ഉപജില്ലാ ഓഫീസർമാർക്കും

} എല്ലാ പ്രഥമാധ്യാപകർക്കും നിർദ്ദേശം നൽകേണ്ടതാണ്

4) എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള പ്രൈവറ്റ് സ്കൂൾ പ്രഥമാധ്യാപകർക്കും/പ്രിൻസിപ്പാൾമാർക്കും
5) ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ KITE, പൂജപ്പുര,

} **പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.**

മ.ജെ